
ഗവൺമെന്റ് എൽ. പി. സ്കൂൾ, ചെറുവള്ളി

# മാറ്റത്തിന്റെ ശംഖൊലി

## അക്കാദമിക മാസ്റ്റർ പ്ലാൻ



"നിങ്ങളുടെ സ്വപ്നങ്ങൾ സഫലമാകുന്നതിന് മുൻപ് നിങ്ങൾക്ക് സ്വപ്നം ഉണ്ടായിരിക്കണം. ജ്വലിക്കുന്ന മനസ്സിനെ തടയിടാൻ ഒരു പ്രതിബന്ധത്തിനുമാകില്ല."

- Dr. APJ Abdul Kalam

# അക്കാദമിക മാസ്റ്റർ പ്ലാൻ

ഉപജില്ല : കറുകച്ചാൽ

വിദ്യാഭ്യാസ ജില്ല : കാഞ്ഞിരപ്പള്ളി

# ആമുഖം

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ചിറക്കടവ് പഞ്ചായത്തിൽ 10-ാം വാർഡിൽ ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. 1917-ൽ ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 2014-ൽ ശതാബ്ദി ആഘോഷിച്ച ഈ സ്കൂളിന് എസ്.എസ്.എ. ഗ്രാമപഞ്ചായത്ത് എന്നിവയുടെ സഹായ സഹകരണങ്ങൾ കൊണ്ട് ഭൗതികമായ മെച്ചപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. ഒന്നു മുതൽ അഞ്ച് വരെ ക്ലാസ്സുകളുള്ള ഈ വിദ്യാലയത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ് കുട്ടികളിലധികവും. നിലവിൽ 33 കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. പ്രഥമാധ്യാപിക ഉൾപ്പെടെ 5 അധ്യാപകരും ഒരു പി.റ്റി. മീനിയലും ഇവിടെയുണ്ട്. സ്കൂളിനോട് ചേർന്ന് ഒരു അംഗൻവാടി പ്രവർത്തിക്കുന്നുണ്ട്.

നടപ്പ് വിദ്യാലയ വർഷത്തിൽ അക്കാദമിക മേഖലയിൽ സ്കൂൾ വളരെയേറെ നേട്ടങ്ങൾ കൈവരിച്ചു. സബ്ജില്ലാ സാമൂഹ്യ ശാസ്ത്ര മേളയിൽ ക്വിസ് മത്സരത്തിന് ഒന്നാംസ്ഥാനം, ശേഖരണ വിഭാഗത്തിൽ ഒന്നാംസ്ഥാനവും നേടി സാമൂഹ്യ ശാസ്ത്രമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. വിവിധ സംഘടനകൾ നടത്തിയ ക്വിസ് മത്സരങ്ങളിൽ ആദ്യസ്ഥാനങ്ങൾ നേടാൻ ഇവിടുത്തെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. എൽ.എസ്.എസ്. പരീക്ഷ എഴുതിയ 9 കുട്ടികളിൽ 7 പേർ ഉയർന്ന മാർക്കോടെ സ്കോളർഷിപ്പ് കരസ്ഥമാക്കി. സബ്ജില്ലാ കലോത്സവത്തിൽ ഈ സ്കൂളിലെ കുട്ടികൾ മികച്ച പ്രകടനം കാഴ്ചവച്ചു.

മികച്ച അക്കാദമിക സാഹചര്യവും ഭൗതിക സാഹചര്യവുമുള്ള ഈ വിദ്യാലയം ചെറുവള്ളി ഗ്രാമത്തിന്റെ തിലകക്കുറിയായി മാറ്റുന്നതിനുള്ള തീവ്ര ശ്രമത്തിലാണ് അദ്ധ്യാപകരും കുട്ടികളും രക്ഷിതാക്കളും.....

# സമഗ്ര ഗുണമേന്മാ വർഷം

കുട്ടികളുടെ സമഗ്ര വികാസമാണ് അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമിടുന്നത്. പാഠപുസ്കത്തിലെ അറിവിനപ്പുറം വിവേകവും വിവേചനബുദ്ധിയും സഹജീവി ബുദ്ധിയും എല്ലാം എല്ലാ കുട്ടികളിലും അങ്കുരിപ്പിക്കാനും വികസിപ്പിക്കാനും ലക്ഷ്യമിട്ടു കൊണ്ടാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ആർജ്ജിക്കുന്ന അറിവുകളെ ഔചിത്യബോധത്തോടെയും വിവേകത്തോടെയും സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കുമ്പോഴാണ് വിദ്യാഭ്യാസം അർത്ഥപൂർണ്ണമാകുന്നത്. നന്മയുള്ള വ്യക്തികളാകുന്നതോടൊപ്പം തിന്മയെ എതിർക്കാനും തെറ്റായ നിലവാപാടുകൾക്കെതിരെ ഉറക്കെ ശബ്ദിക്കാനും കുട്ടികൾ പ്രാപ്തരാകേണ്ടതുണ്ട്. സമഗ്ര ഗുണമേന്മയിലൂടെ അക്കാദമിക നിലവാരം ഉയർത്താനും, ആ അറിവുകൾ സമൂഹത്തിന് ഉപകാരപ്രദമായ രീതിയിൽ വിനിയോഗിക്കാനും അതുവഴി മുഴുവൻ സമൂഹത്തിന്റെയും ഉന്നമനം സാധ്യമാക്കാനും കഴിയൂ. അതിനുള്ള ശ്രമമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

## 2025 - 2026 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | V | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 3 | 1 | 3 | 4 | 4 | 1 | 7 | 1 | 4 | 5 |
| ആകെ | 4 | | 7 | | 5 | | 8 | | 9 | |

| വിഭാഗം | സ്ഥിരം അദ്ധ്യാപക രുടെ എണ്ണം | പാർട്ട് ടൈം അദ്ധ്യാപകർ | അനദ്ധ്യാപക ജീവനക്കാർ | താൽക്കാലിക നിയമനങ്ങൾ |
|---|---|---|---|---|
| എൽ.പി. വിഭാഗം | 5 | 1 (ഹിന്ദി) | 1 | ഇല്ല |

## മുഖ്യ ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ചുവരെയുള്ള ഓരോ ക്ലാസ്സിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക.

- അഞ്ചു വർഷത്തിനുള്ളിൽ സ്കൂൾ വിട്ടു പുറത്തു വരുന്ന മുഴുവൻ കുട്ടികളും മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങി മൂന്നു ഭാഷകളെങ്കിലും അനായാസം ആശയവിനിമയം നടത്തുന്നതിനു പ്രാപ്തരാക്കും.

- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

- മികച്ച ശാരീരിക - മാനസിക - വൈകാരിക ആരോഗ്യം ഉറപ്പാക്കും.

- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയ പ്രക്രിയ വിലയിരുത്തലിന്റെ അഭിവാജ്യ ഭാഗമാക്കി മാറ്റുക.

- പഠനത്തെ പരിസരബന്ധിയും ജീവിതബന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി നമ്മുടെ സ്കൂൾ കാമ്പസും ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുക.

- പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമ്മാർജ്ജന അവബോധം, വിമർശന അവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകളെല്ലാം പഠന പ്രവർത്തനത്തിനായി വിനിയോഗിക്കും. ക്ലാസ്മുറികൾ ഹൈ-ടെക് ആക്കും.

## ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയ പരിധി | ചുമതല | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| ഭാഷാപരമായ ചിന്താഗതി വളർത്തൽ | **മലയാള മാധ്യമം**<br>പ്രീ-സ്കൂൾ<br>അക്ഷരം കുറിക്കൽ, ചിഹ്നങ്ങൾ കുറിക്കൽ, അക്ഷരങ്ങൾ ചേർത്ത് വായിക്കൽ, വാക്യങ്ങൾ പുസ്തകത്തിലെ വാക്യങ്ങൾ വായിക്കൽ, വാക്യങ്ങൾ പറഞ്ഞു കൊടുക്കൽ, വാക്യങ്ങൾ പറഞ്ഞു കൊടുക്കൽ, ചിത്രത്തിന് അടിക്കുറിപ്പ് വായിക്കൽ,<br>ചിത്രം നോക്കി കഥപറയൽ, ചിത്രം നോക്കി കഥ പറയൽ വീഡിയോ വീക്ഷിച്ച് വാക്യങ്ങൾ പറയുന്നു ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം<br>1 മാസം<br>3 മാസം | ക്ലാസ്സ് ടീച്ചർ [illegible] എസ്.ആർ.ജി | പി.ടി.എ 100 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശ കലനം |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | മികച്ച വായനക്കാരനാക്കൽ<br>ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തൽ<br>വായനവാരാചരണം<br>പത്രവായന<br>പുസ്തകപരിചയം<br>വായനാനുഭവം പങ്കുവയ്ക്കൽ<br>വായനക്കുറിപ്പ് പതിപ്പ്<br>ബാലസഭ - ശ്രാവ്യവായന<br>മൗനവായന<br>ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം | 15<br>6 മാസം | ക്ലാസ് ടീച്ചർ<br>പി.ടി.എ<br>എച്ച്.എം<br>എസ്.ആർ.ജി | സ്പോൺസർഷിപ്പ്<br>1000 |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശ കലനം |
|---|---|---|---|---|
| സംഖ്യാ ബോധം ഉറപ്പി ക്കൽ | അബാക്കസ് ഉപയോഗം<br>സംഖ്യാകാർഡുകൾ ഉപയോഗിച്ച് സംഖ്യാരൂപീകരണം<br>സംഖ്യാവ്യാഖ്യാനം<br>കൂട്ടുകാരെ കണ്ടെത്തൽ (സംഖ്യ, അക്ഷരം)<br>സ്ഥാനവില പോക്കും ഉപയോഗം | ജൂൺ<br>–<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>പി.ടി.എ | എസ്. എസ്. എ<br>100 |
| ചതുഷ്ക്രിയ കൾ ഉറപ്പി ക്കൽ | വഴികാണിക്കാമോ? (ചതുഷ്ക്രിയകളിലൂടെ) | | | |
| പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിച്ച് നിർദ്ധാരണം ചെയ്യുന്ന തിന് | സാധന സംയുക്തപഠനം<br>വർക്ക്ഷീറ്റുകൾ<br>ഐ.സി.ടി. സാദ്ധ്യത<br>പ്രായോഗിക പ്രശ്നങ്ങൾ<br>പാറ്റേണുകൾ<br>മാന്ത്രിക ചതുരങ്ങൾ | ജൂൺ<br>–<br>ഡിസം ബർ | | |
| പാറ്റേണുകൾ പൂർത്തിയാ ക്കുന്നതിനും രൂപീകരിക്കു ന്നതിനും | ക്ലോക്ക് നിർമ്മാണം<br>ചിത്രീകരിക്കൽ<br>സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ<br>സമയം പട്ടികപ്പെടുത്തൽ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | വിശകലനം |
|---|---|---|---|---|
| സമയം അളക്കുന്നതിന് | മണിക്കൂർ, മിനിറ്റ്, സെക്കന്റ് ഇവയുടെ പരസ്പരബന്ധം കണ്ടെത്തൽ<br>ഒരു ദിവസത്തെ 12 മണിക്കൂർ ക്ലോക്കിൽ എ.എം., പി.എം. ആയി പറയുന്നു.<br>കലണ്ടർ പരിചയപ്പെടൽ<br>പ്രത്യേകതകൾ കണ്ടെത്തൽ<br>ദിവസം, ആഴ്ച, മാസം, വർഷം എന്നിവ സമയത്തിന്റെ വലിയ യൂണിറ്റുകളാണെന്ന് തിരിച്ചറിഞ്ഞ് കലണ്ടറിൽ നിന്ന് കണ്ടെത്തുന്നു.<br>വിശേഷദിവസങ്ങളും അവധി ദിവസങ്ങളും കണ്ടെത്തി രേഖപ്പെടുത്തുന്നു<br>കലണ്ടറിലെ പാറ്റേൺ കണ്ടെത്തുന്നു<br>കലണ്ടർ നിർമ്മാണം<br>ജന്മദിന കലണ്ടർ നിർമ്മാണം<br>അധിവർഷം എന്താണെന്ന് തിരിച്ചറിയുന്നു<br>അധിവർഷങ്ങൾ പട്ടികപ്പെടുത്തുന്നു. | ജൂലൈ<br>നവംബർ | ക്ലാസ് ടീച്ചർ | എസ് ആർ ജി |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശ കലനം |
|---|---|---|---|---|
| സസ്യ ലോകത്തെ വൈവിധ്യം തിരിച്ചറിയുന്നതിന് | പരിസരനിരീക്ഷണം<br>സസ്യങ്ങളെ പട്ടികപ്പെടുത്തൽ<br>സി.ഡി.പ്രദർശനം<br>പഠനയാത്ര<br>ഫീൽഡ് ട്രിപ്പ്<br>ആൽബം നിർമ്മാണം<br>പൂന്തോട്ടനിർമ്മാണം<br>ഔഷധ സസ്യതോട്ട നിർമ്മാണം<br>ജൈവവൈവിധ്യ ഉദ്യാനം മെച്ചപ്പെടുത്തൽ<br>കുളം നിർമ്മാണം | ജൂൺ<br>-<br>സെപ്തംബർ | ക്ലാസ് ടീച്ചർ<br>പി.റ്റി.എ | പി.റ്റി.എ<br>1000 |
| സസ്യങ്ങളുടെ പ്രയോജനങ്ങൾ കണ്ടെത്തുന്നതിന് | പട്ടികപ്പെടുത്തൽ (സസ്യം)<br>ഉപയോഗങ്ങൾ കണ്ടെത്തൽ<br>ഐ.സി.റ്റി സാധ്യതകൾ<br>അഭിമുഖം (നാട്ടുവൈദ്യൻ)<br>ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം<br>സസ്യങ്ങളുടെ ഉപയോഗങ്ങൾ പട്ടികപ്പെടുത്തൽ<br>ജൈവവേലി നിർമ്മാണം<br>വള്ളിക്കുടിൽ നിർമ്മാണം | ജൂൺ<br>-<br>സെപ്തംബർ | ടീച്ചർ<br>പി.റ്റി.എ | സ്പോൺസർഷിപ്പ്<br>2000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശകലനം |
|---|---|---|---|---|
| സസ്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുന്നതിന്<br><br>കുട്ടികളെ പരിസ്ഥിത സംരക്ഷകരാക്കുക | സി.ഡി.പ്രദർശനം<br>ചർച്ച<br>വനനശീകരണത്തിന്റെ ദോഷങ്ങൾ പട്ടികപ്പെടുത്തുന്നു<br>കാലാവസ്ഥാ വ്യതിയാനത്തിന്റെ കാരണങ്ങൾ<br>പരിഹാരമാർഗങ്ങൾ കണ്ടെത്തുന്നു<br>പരിസ്ഥിതി ദിനാചരണം<br>ഒരു തൈ നടാം<br>ഫീൽഡ് ട്രിപ്പ്<br>പഠനയാത്രകൾ<br>ശാസ്ത്രമേളകൾ<br>കുട്ടിവനം പദ്ധതി<br>ജൈവവേലി നിർമ്മാണം | ജൂലൈ<br>–<br>സെപ്തംബർ | ടീച്ചർ | പി.റ്റി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശ കലനം |
|---|---|---|---|---|
| ജന്തു ലോ കത്തെ വൈവിധ്യം തിരിച്ചറിയു ന്നതിന് | പരിസരനിരീക്ഷണം<br>സി ഡി പ്രദർശനം<br>ജീവികളെ പട്ടികപ്പെടുത്തൽ<br>ചർച്ച<br>പഠനയാത്രകൾ (തൃശ്ശൂർ)<br>ഫീൽഡ് ട്രിപ്പുകൾ (തേക്കടി)<br>ജീവികളുടെ സവിശേഷതകൾ കണ്ടെത്തൽ<br>ഉപയോഗങ്ങൾ പട്ടികപ്പെടുത്തൽ<br>ജീവികളും ആഹാരശൃംഖലയും തമ്മിലുള്ള ബന്ധം കണ്ടെത്തൽ വന്യജീവികൾ, വളർത്തുജീവികൾ പട്ടികപ്പെടുത്തൽ<br>ജീവികളും വംശവർദ്ധനവും<br>വംശനാശം നേരിടുന്ന ജീവികളെ സംരക്ഷിക്കൽ | സെപ്തംബർ<br>–<br>ഡിസംബർ | പി.റ്റി.എ<br>ക്ലാസ് ടീച്ചർ | പി.റ്റി.എ<br>10000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശകലനം |
|---|---|---|---|---|
| ചരിത്ര ബോധം സൃഷ്ടിക്കുന്നതിന് | വിദ്യാലയചരിത്രം തയ്യാറാക്കൽ<br>ചിത്രവായന<br>മ്യൂസിയം സന്ദർശനം<br>പഠനയാത്ര<br>കുറിപ്പ് തയ്യാറാക്കൽ<br>ആൽബം നിർമ്മാണം<br>പുരാവസ്തു ശേഖരണം<br>പ്രദർശനം<br>ഗ്രാമചരിത്രം തയ്യാറാക്കൽ (പ്രൊജക്ട്)<br>ചരിത്രശേഷിപ്പുകളുടെ സംരക്ഷണം<br>ക്വിസ് മത്സരം<br>സെമിനാർ | ജൂൺ<br>-<br>സെപ്തംബർ | എസ് ആർ ജി | ടീച്ചർ ഗ്രാന്റ് |
| നമ്മൾ ഇന്നനുഭവിക്കുന്ന സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കുന്നതിനും അത് എങ്ങനെ നേടിയെടുത്തു എന്ന് കണ്ടെത്തുന്നതിന് | ദിനാചരണം<br>ഐസിടി സാധ്യത<br>സിനിമാ പ്രദർശനം<br>ചർച്ച ക്ലാസ്സുകൾ<br>സമരചരിത്രത്തിലെ പ്രധാന സംഭവങ്ങൾ, പട്ടികപ്പെടുത്തൽ<br>കുറിപ്പ് തയ്യാറാക്കൽ<br>ക്വിസ് മത്സരം<br>ആൽബ നിർമ്മാണം<br>ലൈബ്രറി ഉപയോഗം<br>വരച്ചു യോജിപ്പിക്കാം | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശ കലനം |
|---|---|---|---|---|
| ദേശ സ്നേഹം വളർത്തുന്ന തിന് | ദേശഭക്തിഗാനങ്ങൾ, സ്വാത ന്ത്ര്യസമരഗീതങ്ങൾ എന്നിവ ശേഖരണം, അവതരണം സ്വാതന്ത്ര്യദിനറാലി മുദ്രാവാ ക്യനിർമ്മാണം ദേശീയപതാ കയുടെ നിർമ്മാണവും അത് ഉപയോഗിക്കുമ്പോൾ ശ്രദ്ധി ക്കേണ്ട നിയമങ്ങളും കണ്ടെത്തി രേഖപ്പെടു ത്തുന്നു<br>സ്വാതന്ത്ര്യസമര സേനാനി കളെ ആദരിക്കൽ<br>അനുഭവങ്ങൾ പങ്കുവെ യ്ക്കൽ<br>ഐ സി ടി സാധ്യത<br>പതിപ്പ് നിർമ്മാണം<br>ദേശീയ മുദ്രകൾ കണ്ടെ ത്തുന്നു | ജൂൺ - സെപ്തം ബർ | എ സ് ആർ ജി | ടീച്ചർ ഗ്രാന്റ് |

# ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശ കലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | 1. പഠനനില കണ്ടെത്തൽ ((പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു) | August 1st week | English Teacher | എ സം എ സം എ |
| | 2. പരിമിതികൾ പരിഹരിക്കുന്നതിനു ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ / ശേഖരിക്കൽ | August 2nd week | HM English Teacher SRG | 1000 |
| | 3. ഇംഗ്ലീഷ് അസംബ്ലി | 2 days / week | Class Teacher | |
| | 4. ഇംഗ്ലീഷ് ഡയറിക്കുറിപ്പ് | 3 days / week. | Class teacher | |
| | 5. ഒരു ദിവസം ഒരു ഭാഷ പരിപാടി (എല്ലാ ക്ലാസ്സിലും) | daily | English teacher | |
| | 6. ഇംഗ്ലീഷ് – ക്ലാസ്സ് ലൈബ്രറി വായനാസാമഗ്രികൾ ലഘുവായനാപുസ്തകം പത്രം | September | HM English Teacher | |
| | 7. ഇംഗ്ലീഷ് തീയേറ്റർ | October | English Teacher PTA | |
| | 8. പതിപ്പുകൾ, മാഗസിനുകൾ | October | | |
| | 9. രചനാമത്സരങ്ങൾ | March, February | English teacher PTA | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല നിർണ്ണയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ പ്രാവീണ്യം നേടുന്നതിന്<br><br>ഇംഗ്ലീഷ് അസംബ്ലി നടത്തുന്നതിന് | 1. ക്ലാസ്സ് റൂം ഇംഗ്ലീഷ് (Conversations)<br>2. ഐ സി ടി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തൽ<br>3. Story time കഥകൾ കേൾക്കുന്നതിനും പറയുന്നതിനും<br>4. Watching cartoons<br>5. Listening english news<br>6. English films game in English<br>7. Class room game in English like word train, spelling bee<br>8. Conversations for different occassions<br>9. News Reading<br>10. Sentence construction using given words<br>11. Word formation by given letters<br>12. Familarising Dictionary | June<br>-<br>March | Class Teacher<br><br>English Teacher<br><br>SRG | 500<br><br>PTA |

# HINDI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശ കലനം |
|---|---|---|---|---|
| ഹിന്ദി ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് (വായിക്കുന്നതിനും എഴുതുന്നതിനും) | 1. ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരങ്ങൾ<br>സിനിമകൾ കാണുന്നു<br>വാർത്ത കേൾക്കുന്നു<br>കവിതകൾ കേൾക്കുന്നു<br>കാർട്ടൂണുകൾ കാണുന്നു<br>2. - അക്ഷരപരിചയം<br>- പദനിർമ്മാണം<br>- വാക്യനിർമ്മാണം (ക്രമത്തിലാക്കൽ)<br>- പരിചിതപദങ്ങൾ കണ്ടെത്തൽ<br>- വിട്ടുപോയ പദങ്ങൾ കണ്ടെത്തി എഴുതൽ<br>- പകർത്ത് എഴുത്ത്<br>- ചിത്രത്തിനനുസരിച്ച് വാക്യങ്ങൾ ക്രമപ്പെടുത്തി കഥ നിർമ്മാണം<br>- കുട്ടിക്കഥകളും കവിതകളും വായിക്കുന്നു<br>- സംഭാഷണങ്ങൾ എഴുതുന്നു<br>- പോസ്റ്റർ നിർമ്മാണം<br>- ചിത്രങ്ങളും പദങ്ങളും ചേർത്തെഴുതൽ<br>- 1 മുതൽ 100 വരെ ഹിന്ദിയിൽ എണ്ണുകയും എഴുതുകയും ചെയ്യുന്നു | ജൂൺ<br>-<br>മാർച്ച് | ഹിന്ദി അദ്ധ്യാപകൻ<br>ഹിന്ദി അറിയാവുന്ന മറ്റദ്ധ്യാപകൻ | പി.റ്റി.എ<br>500 |

# കലാകായിക പ്രവൃത്തി പരിചയ ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശ കലനം |
|---|---|---|---|---|
| കലാകായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകൽ | കുട്ടിയുടെ സവിശേഷ കഴിവുകൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>സർഗ്ഗവേള<br>നിർമ്മാണപ്രവർത്തനങ്ങൾ<br>ചിത്രരചന<br>ബാലസഭ<br>കളിവേളകൾ | | | |
| കുട്ടികളുടെ ജന്മസിദ്ധ കഴിവുകളെ പരിപോഷിപ്പിക്കുന്നു | വിദഗ്ദ്ധ അദ്ധ്യാപകരുടെ സേവനത്തിലൂടെ കുട്ടികളെ വിവിധ മേഖലകളിൽ വിദഗ്ദ്ധരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>ചിത്രരചനാപരിശീലനം<br>നൃത്തപരിശീലനം<br>കരകൗശലപരിശീലനം<br>പാഴ് വസ്തു നിർമ്മാണ പരിശീലനം<br>തയ്യൽ പരിശീലനം<br>പേപ്പർ ക്രാഫ്റ്റ്<br>ഒറിഗാമി<br>വെജിറ്റബിൾ പ്രിന്റിംഗ്<br>ഫാബ്രിക് പെയിന്റിംഗ്<br>ബീഡ് വർക്ക് | ഏപ്രിൽ | എച്ച്.എം<br>എസ്.ആർ.ജി<br>പി.ടി.എ | പി.റ്റി.എ<br>പി.ഇ.സി<br><br>5000 |
| കൈത്തൊഴിൽ പരിശീലനം | പേപ്പർ ബാഗ് നിർമ്മാണം<br>പേപ്പർ കവർ നിർമ്മാണം<br>കുട നിർമ്മാണം<br>നക്ഷത്രനിർമ്മാണം<br>പേപ്പർ ഫയൽ നിർമ്മാണം<br>ബാഡ്മിന്റൺ നെറ്റ് നിർമ്മാണം<br>പൂ നിർമ്മാണം | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശ കലനം |
|---|---|---|---|---|
| ആരോഗ്യകരമായ സാമൂഹിക ജീവിതം നയിക്കുന്നതിനാവശ്യമായ ധാർമ്മിക മൂല്യങ്ങൾ വളർത്തിയെടുക്കുക | ഷോർട്ട് ഫിലിം പ്രദർശനങ്ങൾ<br>ഗുണപാഠകഥകൾ<br>പോസ്റ്ററുകൾ<br>ചിത്രപ്രദർശനങ്ങൾ<br>ബോധവൽക്കരണ ക്ലാസ്സുകൾ<br>ചർച്ചാക്ലാസ്സുകൾ<br>പാഠഭാഗവുമായി ബന്ധപ്പെടുത്തിയുള്ള സാരോപദേശങ്ങൾ<br>ലൈബ്രറി ഉപയോഗം<br>റോൾപ്ലേ, നാടകാവതരണം<br>കൊളാഷ് നിർമ്മാണം (പത്രവാർത്ത) | ജൂൺ<br>-<br>മാർച്ച് | എസ് ആർ ജി | പി.ടി.എ<br>1000 |
| ലഹരിവിരുദ്ധ മനോഭാവം വളർത്തിയെടുക്കുക | ചിന്താവിഷയം<br>പത്രവാർത്ത<br>ദിനാചരണങ്ങൾ<br>ലഹരിവിരുദ്ധദിനം<br>പുകയില വിരുദ്ധദിനം<br>മനുഷ്യാവകാശദിനം | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശ കലനം |
|---|---|---|---|---|
| മികച്ച ശാരീരിക മാനസ്ിക വൈകാരിക ആരോഗ്യം ഉറപ്പ് വരുത്തുക | പോഷകസമൃദ്ധമായ ഉച്ചഭക്ഷണ വിതരണം<br>ആധുനിക സൗകര്യങ്ങളുള്ള അടുക്കള, ഭക്ഷണശാല, സ്റ്റോർമുറി<br>ടൈൽസ് വിരിച്ച തറകൾ<br>മാലിന്യസംസ്കരണത്തിന് കംപോസ്റ്റ് പിറ്റ്<br>അടുക്കളയിലും ഭക്ഷണശാലയിലും ആവശ്യത്തിന് ഫർണീച്ചർ<br>കുട്ടികളുടെ എണ്ണമനുസരിച്ച് ഭക്ഷണവിതരണത്തിനുള്ള പാത്രങ്ങൾ ശേഖരിക്കുന്നു<br>അടുക്കളത്തോട്ട നിർമ്മാണം<br>പ്രഭാതഭക്ഷണം<br>ആരോഗ്യബോധവത്കരണ ക്ലാസ്സുകൾ<br>പരിസരശുചിത്വം, വ്യക്തിശുചിത്വം ഇവ പാലിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ<br>വ്യായാമപരിശീലനം<br>യോഗാപരിശീലനം<br>കൗൺസലിംഗ്<br>വിവിധ മത്സരങ്ങൾ, കളികൾ<br>കായികപരിശീലനം | ജൂൺ - മാർച്ച് | പി.റ്റി.എ<br>എസ്.എസ്.എ<br>പഞ്ചായത്ത് | പി.ഇ.സി 10000 |

# പഠനപിന്നോക്കാവസ്ഥ പരിഹാര മാർഗ്ഗങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശ കലനം |
|---|---|---|---|---|
| പിന്നോക്കം നിൽക്കുന്ന വർക്ക് പ്രത്യേക പരിഗണന ഉറപ്പു വരുത്തുക | പ്രീ - ടെസ്റ്റ്<br>പഠനപിന്നോക്കാവസ്ഥയുടെ മേഖലകൾ കണ്ടെത്തുന്നു.<br>ബി.ആർ.സിയുടെ സഹായത്തോടെ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.<br>റിസോഴ്സ് പേഴ്സൺന്റെ സേവനം ഉറപ്പുവരുത്തുന്നു.<br>രക്ഷിതാക്കൾക്ക് ആവശ്യമായ പിന്തുണ ഉറപ്പു വരുത്തുന്നു.<br>കളികളിലൂടെ പഠനത്തിനുള്ള പ്രത്യേക സാഹചര്യങ്ങൾ ഒരുക്കുന്നു.<br>കുടുംബപരവും സാമൂഹികവുമായ കുറവുകൾ പി.റ്റി.എയുടെ സഹായത്തോടെ കണ്ടെത്തുന്നു.<br>പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പിലാക്കുന്നു.<br>കളിയുപകരണങ്ങളുടെ ഉപയോഗത്തിലൂടെ ചിന്താശേഷി, ശ്രദ്ധ എന്നിവ ഉണർത്തുന്നു. പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നു. | ആഗസ്റ്റ് - ഫെബ്രുവരി | എച്ച്.എം എസ്.ആർ.ജി പി.റ്റി.എ | എസ്.എസ്.എ 3000<br>പി.റ്റി.എ 1000 |

# ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശ കലനം |
|---|---|---|---|---|
| ഭിന്ന ശേ ഷി ക്കാ രാ യ വിദ്യാർത്ഥി ക ൾ ക്ക് പ്രത്യേക പരി ശ ണ ന നൽകി മുഖ്യ ധാ ര യി ലെ ത്തിക്കുക | ഭിന്ന ശേ ഷി ക്കാ രായ വിദ്യാർത്ഥികളിൽ അന്തർലീനമായിരിക്കുന്ന പ്രത്യേക കഴിവുകൾ കണ്ടെത്തുക.<br>വ്യക്തിവ്യത്യാസങ്ങൾക്കനുസരിച്ച് പരിശീലനം നൽകുക.<br>ഐസിറ്റി സാദ്ധ്യത കൾ പ്രയോജനപ്പെടുത്തുക<br>സ്കൂളും പരിസരവും ഭിന്നശേഷിക്കാർക്ക് അനുരൂപമാക്കുക.<br>ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾക്ക് പ്രത്യേക പരിശീലനം നൽകുക.<br>ഇവർക്ക് വേണ്ട പിന്തുണയും പ്രോത്സാഹനവും ഉറപ്പു വ രു ത്തു ന്ന തി ന്, സ്കൂളിലെ മറ്റ് കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകുക.<br>എസ്.എസ്.എയുടെയും പഞ്ചായത്തിന്റെയും സഹായത്തോടെ ഇവർക്കാവശ്യമായ ഭൗതികവും സാമ്പത്തികവുമായ സാഹചര്യങ്ങൾ ഒരുക്കുന്നു. | ജൂലൈ<br>-<br>ഫെബ്രുവരി | എച്ച്.എം<br>എ സ് .<br>ആർ.ജി<br>പി.റ്റി.എ | എ സ് .<br>എസ്.<br>എ<br>10000<br>പ ഞ്ചാ യത്ത്<br>5000 |

## ജൈവവൈവിധ്യ ഉദ്യാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശ കലനം |
|---|---|---|---|---|
| കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ സ്കൂൾ പരിസരം ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുക. | കുട്ടികളുടെ പാർക്ക്<br>പൂന്തോട്ട നിർമ്മാണം<br>ശലഭോദ്യാനം<br>ഔഷധതോട്ടനിർമ്മാണം<br>ജൈവവേലികൾ<br>വള്ളിക്കുടിൽ നിർമ്മാണം<br>ചെറിയകുളം നിർമ്മാണം<br>ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ<br>എന്റെ മരം പദ്ധതി (സ്കൂൾ)<br>ജൈവകൃഷിയിടം<br>പ്ലാസ്റ്റിക് രഹിത കാമ്പസ്<br>പരിസരശുചീകരണം<br>ഐ സി റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തൽ<br>ദിനാചരണങ്ങൾ<br>ബോധവൽക്കരണ ക്ലാസ്സുകൾ<br>ഹാങ്ങിംഗ് ഗാർഡൻ<br>കുട്ടിവനം പദ്ധതി<br>തണൽമരങ്ങൾ വച്ചുപിടിപ്പിക്കൽ<br>പിറന്നാൾ മരം പദ്ധതി<br>വിശ്രമപഠന മരത്തണലുകൾ | ജൂലൈ<br>-<br>ഡിസംബർ | എച്ച്.എം<br>എസ്.<br>ആർ.ജി<br>പി.റ്റി.എ | പഞ്ചായത്ത്<br>5000<br><br>എസ്.എസ്.എ<br>10000 |

## ടാലന്റ് ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശ കലനം |
|---|---|---|---|---|
| പ്രതിഭകളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകൽ | പാഠ്യപാഠ്യേതര മേഖലകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രീ ടെസ്റ്റ്<br>1. ക്വിസ് പരിശീലനം<br>2. ചിത്രരചനാ പരിശീലനം<br>3. പ്രസംഗ പരിശീലനം<br>4. അഭിനയ പരിശീലനം<br>5. ക്ലാസ്സ് തല അസംബ്ലി (നേതൃത്വ പരിശീലനം)<br>6. സംഗീത പരിശീലനം<br>7. കായിക പരിശീലനം<br>8. കായികാധ്യാപക സേവനം ഉറപ്പുവരുത്തൽ<br>9. ഐ സി റ്റി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തൽ<br>10. ബോധവത്കരണക്ലാസ്സുകൾ (രക്ഷിതാക്കൾക്ക്)<br>11. വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ<br>12. അനുമോദനയോഗങ്ങൾ<br>13. പ്രോത്സാഹന സമ്മാനങ്ങൾ<br>14. സാമ്പത്തിക പിന്തുണ ഉറപ്പാക്കൽ | ഏപ്രിൽ | എസ്. ആർ.ജി | പി.റ്റി.എ സ്പോൺസർഷിപ്പ് |

## സ്മാർട്ട് (ഹൈടെക്) ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശകലനം |
|---|---|---|---|---|
| ക്ലാസ് മുറികൾ ഹൈടെക് ആക്കുക<br><br>ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകൾ പഠനപ്രവർത്തനങ്ങളിൽ ഉറപ്പുവരുത്തുക | പ്രൊജക്ടർ - ലാപ് ടോപ്പ് ഉപയോഗം എല്ലാ ക്ലാസ്സുകളിലും ഉറപ്പുവരുത്തുക<br>ഐ സി റ്റി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.<br>ചുവരുകൾ ആകർഷകമാക്കുക<br>ഐ റ്റി അധിഷ്ഠിത പഠനസാമഗ്രികൾ വികസിപ്പിക്കുന്നതിന് ഉപയോഗിക്കുന്നതിനും അധ്യാപകരെ പ്രാപ്തരാക്കുക<br>വൈറ്റ് ബോർഡ് ഉപയോഗം<br>ശിശുസൗഹൃദം ഇരിപ്പിടങ്ങൾ ഉറപ്പ് വരുത്തുക<br>ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ ഉപയോഗം | ജൂൺ<br>-<br>ഡിസംബർ. | എച്ച്.എം<br>എസ്.<br>ആർ.ജി<br>പി.ഇ.സി | എസ്.<br>എസ്.<br>എ<br><br>പി.ഇ.സി |

## ഉറവിടമാലിന്യ സംസ്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധനവിശ കലനം |
|---|---|---|---|---|
| ഉറവിട മാലിന്യ സംസ്കരണ മനോ ഭാവം വളർത്തിയെ ടുക്കുക | സി ഡി പ്രദർശനം<br>പത്രവാർത്തകൾ<br>പരിസരനടത്തം<br>പുഴയെക്കാണാൻ<br>മലിനീകരണവുമായി ബന്ധ പ്പെട്ട്<br>ചർച്ചാക്ലാസ്സുകൾ - രോഗ ങ്ങൾ - കാരണങ്ങൾ - പരി ഹാരമാർഗ്ഗങ്ങൾ<br>ബോധവത്കരണ ക്ലാസ്സു കൾ<br>പോസ്റ്റർ നിർമ്മാണം<br>ഡ്രൈ ഡേ ആചരണം<br>മാലിന്യസംസ്കരണ മാർഗ്ഗ ങ്ങൾ കണ്ടെത്തൽ<br>അവതരിപ്പിക്കൽ<br>കമ്പോസ്റ്റ് നിർമ്മാണ പരിശീ ലനം<br>പുനരുപയോഗ പരിശീലനം<br>പേപ്പർ ബാഗ് ഉപയോഗം<br>പ്ലാസ്റ്റിക ഉപയോഗം പരമാ വധി കുറക്കൽ<br>ഗ്രീൻ പ്രോട്ടോക്കോൾ നടപ്പി ലാക്കൽ | ജൂൺ - മാർച്ച് | എ സ് . ആർ.ജി പി.റ്റി.എ | പി.ഇ.സി 2000 |

# സാമൂഹ്യ പങ്കാളിത്തം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ധന വിശകലനം |
|---|---|---|---|---|
| ഭവന സന്ദർശനം നടത്തൽ | കോർണർ പി.റ്റി.എ<br>സൗജന്യ വാഹന സൗകര്യം<br>ഭവന സന്ദർശനം<br>രക്ഷിതാക്കളുമായി നിരന്തര സമ്പർക്കം പുലർത്തൽ<br>കൗൺസലിംഗ് | ജൂൺ | എസ്.<br>ആർ.ജി<br>പി.റ്റി.എ | പി.ഇ.സി<br>എസ്.<br>എസ്.<br>എ |
| നല്ല പേരന്റിംഗിൽ രക്ഷിതാവിന് മാർഗ്ഗ നിർദ്ദേശം നൽകുക | ബോധവത്ക്കരണ ക്ലാസ്സുകൾ<br>ഐ സി റ്റി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തൽ<br>നിർദ്ദേശങ്ങൾ നൽകൽ | | | |

# ഉപസംഹാരം

വിദ്യാഭ്യാസ നിലവാരത്തിന്റെ തകർച്ച ഒരു രാഷ്ട്രത്തിന്റെ തന്നെ തകർച്ചക്കു കാരണമാകുന്നു. ഏതു രാഷ്ട്രത്തെയും തകർത്തില്ലാതാക്കാൻ അവിടെ നൽകപ്പെടുന്ന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറയ്ക്കുകയും പരീക്ഷകളിൽ വഞ്ചന നടത്താൻ വിദ്യാർത്ഥികളെ അനുവദിക്കുകയും ചെയ്താൽ മാത്രം മതിയാകുന്നതാണ്. അത്തരം മാർഗ്ഗങ്ങളിലൂടെ സമൂഹത്തിൽ സജീവമാകുന്ന ഡോക്ടർമാരിലൂടെ രോഗികൾ മരണമടയും. അത്തരം എഞ്ചിനീയർമാരിലൂടെ കെട്ടിടങ്ങൾ തകർന്നു വീഴും. അത്തരം സാമ്പത്തിക വിദഗ്ധരുടെയും കണക്കെഴുത്തുകാരുടെയും കൈകളിലൂടെ സാമ്പത്തികരംഗം തകർന്നടിയും. അത്തരം മതമേലാളൻമാരുടെയും പണ്ഡിതന്മാരുടെയും നാവിലൂടെ മാനവികത മരിച്ചു വീഴും. അതുകൊണ്ടുതന്നെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം മാത്രമല്ല ഒരു രാജ്യത്തിന്റെ നിലനിൽപ്പിനു തന്നെ അത്യന്താപേക്ഷിതമാണ്. ഈയൊരു കാഴ്ചപ്പാട് മുൻനിർത്തിയാണ് ഞങ്ങൾ ഈ സമഗ്ര വിദ്യാലയ വികസന രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. ഈ വിദ്യാലയത്തിന്റെയും വിദ്യാർത്ഥികളുടെയും സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള വിവിധ പ്രവർത്തനങ്ങളാണ് ഞങ്ങൾ ഇവിടെ ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ വിദ്യാലയത്തിന്റെ ഭാവിയെക്കുറിച്ചുള്ള ധാരാളം സ്വപ്നങ്ങളും ഞങ്ങൾ ഇതിൽ ഇഴചേർത്തിരിക്കുന്നു.ഇവയെല്ലാം പ്രായോഗിക തലത്തിൽ എത്തിക്കാനുള്ള തടസ്സങ്ങൾ നിരവധിയാണ്. സമയ ദൗർലഭ്യം, സാമ്പത്തിക സ്രോതസ്സുകളുടെ അഭാവം, സാമൂഹിക പങ്കാളിത്തത്തിന്റെ കുറവ്, ഇവയെല്ലാം വലിയ പ്രതിബന്ധങ്ങൾ തന്നെയാണ്. പഠന പ്രവർത്തനങ്ങളോടൊപ്പം നടപ്പിലാക്കേണ്ടിവരുന്ന മറ്റു പ്രവർത്തനങ്ങളുടെ ബാഹുല്യവും അവയുടെ ആസൂത്രണത്തിലെ പിഴവുകളും അദ്ധ്യാപകർക്ക് കീറാമുട്ടികൾ തന്നെ എങ്കിലും വസ്തുനിഷ്ഠ സാഹചര്യങ്ങൾക്കനുസൃതമായി മികവ്

ലക്ഷ്യം വെച്ചുകൊണ്ടുള്ള അക്കാദമിക പ്രവർത്തനങ്ങൾ രൂപപ്പെടുത്താൻ ഞങ്ങൾ പരമാവധി ശ്രമിച്ചിരിക്കുന്നു.

"ആധുനിക സാങ്കേതികവിദ്യകളുടെ സാധ്യതകളടക്കം വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ പ്രയോജനപ്പെടുത്തി പഠനാന്തരീക്ഷത്തിൽ തന്നെ ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ ഈ മാർഗ്ഗരേഖ സഹായകമാകും എന്ന പ്രത്യാശയോടെ മാറ്റത്തിന്റെ ശംഖൊലി ഇവിടെ സമർപ്പിക്കുന്നു."